(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ടി) എന്ന ഒരു വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലയിലുള്ള ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജസംരക്ഷണം പ്രാവർത്തികമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇത് നടപ്പാക്കുന്നതിനായി പൊതുജനങ്ങളെ ബോധവത്കരിക്കാൻ ബോധവത്കരണ ക്ലാസ്സുകൾ നടത്തുക, ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക, മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്കരണ പരിപാടികൾ, പ്രദർശനങ്ങൾ മുതലായവ നടത്തുക, ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക, ഐസ് പ്ലാന്റുകളിൽ ഊർജ്ജസംരക്ഷണം നടത്തുന്നതിന് സാങ്കേതിക ഉപദേശങ്ങൾ നൽകുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. കാർഷിക മേഖലയിലെ പമ്പിംഗ് സംവിധാനത്തിലെ ഊർജ്ജസംരക്ഷണം, വിതരണ ലൈനുകളിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ മുതലായവയും എസ്കോട്ടിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

വൈദ്യുതി മോഷണം

32 (4614) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി മോഷണത്തിന് പിടിക്കപ്പെട്ട വ്യാപാര സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ആകെ എത്ര രൂപയുടെ വൈദ്യുതി മോഷണമാണ് ഇവർ നടത്തിയത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 20,05,352 രൂപയുടെ വൈദ്യുതി മോഷണമാണ് നടത്തിയത്.

വൈദ്യുതി മോഷണം

33 (4615) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി മോഷണത്തിന് ചുമത്തിയ ഏറ്റവും കൂടിയ തുക എത്രയെന്നും ഇതിന് കാരണക്കാരനായ ഉപഭോക്താവാരെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly